# NEW AL WUROOD INTERNATIONAL SCHOOL , JEDDAH

**B.E.S.T. Group of Schools, K.S.A.**

Affiliated to CBSE – New Delhi, Affiliation No: 5730008

**WORKSHEET - 2**

**TERM 3 EXAMINATION (2022-23)**

**GRADE: 6** **SUBJECT: Malayalam**

---

I. താഴെ കൊടുത്ത ഖണ്ഡിക വായിച്ച് ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക

വടക്കേ അമേരിക്കയിലെ അരിസോണയിൽ കൈബാബ് എന്നൊരു പീഠഭൂമിയുണ്ട്. അവിടെ കുറെ മാനുകൾ ഉണ്ടായിരുന്നു. ഉദ്ദേശ്യം നാലായിരത്തോളം. ഇവയെ കൊന്നു തിന്നുന്ന ചെന്നായ്, പ്യൂമ കൊയോട്ടെ എന്നീ വിഭാഗങ്ങളിൽ പെട്ട മൃഗങ്ങളും ഉണ്ടായിരുന്നു. നിസ്സഹായരായ മാനുകളെ സംരക്ഷിക്കുന്നതിനായി ആ പ്രദേശം ഒരു മാൻ സംരക്ഷണ കേന്ദ്രമാക്കി മാറ്റി. ഇരപിടിയന്മാരെ ഗണ്യമായ തോതിൽ കൊന്നൊടുക്കുകയും ചെയ്തു. ഇതിന്റെ ഫലമായി പത്തുപതിനെട്ടു വർഷം കൊണ്ട് മാനുകൾ പെറ്റുപെരുകി ഒരു ലക്ഷത്തോളം ആയിത്തീർന്നു. വേണ്ടത്ര ഭക്ഷണം കിട്ടാതെ പതിനായിരക്കണക്കിന് മാനുകൾ ചത്തൊടുങ്ങി. ഇരപിടിയന്മാർ തിന്നൊടുക്കാറുള്ളതിൽ എത്രയോ കൂടുതൽ. പീഠഭൂമിയിലെ സസ്യസമ്പത്ത് നശിക്കുകയും ചെയ്തു

1.മാനുകളെ കൊന്നു തിന്നുന്ന മൃഗങ്ങൾ ഏതെല്ലാമായിരുന്നു ?

2.വടക്കേ അമേരിക്കയിലെ പീഠഭൂമിയുടെ പേരെന്താണ് ?

3.മാനുകളെ രക്ഷിക്കാൻ എന്താണ് ചെയ്തത് ?

4.ഈ ഖണ്ഡിക നൽകുന്ന സന്ദേശമെന്താണ് ?

II.സാംക്രമിക രോഗങ്ങളും നിവാരണമാർഗങ്ങളും എന്ന വിഷയത്തിൽ ഒരു ഉപന്യാസം തയ്യാറാക്കുക.

III. നിങ്ങളുടെ സ്കൂൾ ലൈബ്രറിയിൽ കൂടുതൽ പുസ്തകങ്ങൾ ലഭ്യമാക്കുക എന്നാവശ്യപ്പെട്ടു പ്രിസിപ്പലിനു ഒരു കത്ത് തയ്യാറാക്കുക.

IV. ചങ്ങാലിപ്രാവ് എന്ന കവിതയിലെ ആദ്യ എട്ടു വരികൾ എഴുതുക.